## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1032 — 12.07.2016 ൽ മറുപടിയ്ക്ക്

### റബ്ബർ വിലയിടിവ് - ആശ്വാസ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ്ജ് എം. തോമസ് | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന വ്യക്തമാക്കാമോ; | (എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാകുന്ന വിധത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കുന്നതിന് 500 കോടി രൂപ ഈ സർക്കാർ വകയിരുത്തിയിട്ടുണ്ട്. റബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വില തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കും. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് റബ്ബർ കർഷകരെ സഹായിക്കാനായി റബ്ബർ വില സ്ഥിരതാ ഫണ്ടു വഴി കർഷകർക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) 2015-16 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്കായി 300 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും വകയിരുത്തിയ മുഴുവൻ തുകയും പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ